>> ലേഖനം

● ഷാനവാസ് കൊല്ലം

# ദിവ്യ സ്നേഹത്തിന്റെ തൂവൽ സ്പർശം




**ദൈവസ്നേഹം പ്രവാചക ന്മാരെപ്പോലെ ഒരു പ്രത്യേക വിഭാഗത്തിനു മാത്രം കിട്ടുന്ന കാര്യമല്ല. നീ കൈനീട്ടിയാൽ നിനക്കു കിട്ടും. നിന്റെ കൈ കുമ്പിൾകൊണ്ട്നിനക്കാവോ ളം കോരിക്കുടിക്കാം. ഒന്നു മാത്രം ഓർക്കുക: നീ കൈ കുമ്പിൾ നീട്ടണം. കൈ ചുരു ട്ടിപ്പിടിച്ച് വീട്ടിനുള്ളിലിരുന്നാൽ കിണറ്റിലെ വെള്ളം നിന്റെ അടുത്ത് വരില്ലല്ലോ. ദൈവത്തിൽ നിന്ന് പിന്തിരിഞ്ഞ് പാപങ്ങളുടെ ചവറുക്കൂനയിൽ നീ ചുറ്റിത്തിരിയരുത്. ദൈവത്തിലേക്ക് മുഖം തിരിച്ച് കൈകുമ്പിൾ നീട്ടി ചെല്ലുക.**

**ജീവന്** ഒരു നിമിഷം പുലരാൻ പ്രാണവായു അനിവാര്യമാണ്. അതുപോലെ മനുഷ്യാത്മാവിന് ഒരു നിമിഷം പുലരാൻ സ്നേഹം അനിവാര്യമത്രെ. സ്നേഹത്തിന്റെ നനവു തട്ടാത്ത ആത്മാവ് നൊമ്പരങ്ങളുടെ നിലയറ്റ കടലിൽ ശ്വാസം മുട്ടി കഴിയേണ്ടി വരും. കരയിൽനിന്ന് ആയിരം മൈലുകൾ അകലെയാണവൻ. വമ്പൻ സ്രാവുകളും തിമിംഗലങ്ങളും വിഹരിക്കുന്ന ഉൾക്കടൽ. അവന്റെ കാൽക്കീഴിൽ കടൽ ഇളകിമറിയുന്നു. ഉറഞ്ഞുതുള്ളുന്ന തിരമാലകൾ ഏതു നിമിഷവും അവന്റെ യാനപാത്രം തവിടുപൊടിയാക്കും. അനുനിമിഷം കുതിച്ചെത്തുന്ന മരണത്തെ വരിച്ച് അനന്ത സാഗര ജലസഞ്ചയത്തിലെ ഒരു തുള്ളിയായ് തീരാൻ വിധിക്കപ്പെട്ടവൻ.

*** *** ***

മനുഷ്യന് ഒറ്റക്ക് ഒരടി മുന്നോട്ടുവെക്കാനാവില്ല. സ്നേഹവും ആശ്വാസവും പകരുന്ന ഒരു താങ്ങ് അനിവാര്യമാണ്. ചരിത്രത്തിലുടനീളം സ്നേഹത്തിന്റെ, സാന്ത്വനത്തിന്റെ ഒരു വാക്കു കേൾക്കാൻ, ഒരു സ്പർശമേൽക്കാൻ മനുഷ്യൻ കൊതിച്ചിട്ടുണ്ട്.

*** *** ***

പക്ഷേ മനുഷ്യന് പലപ്പോഴും പിഴവ് സംഭവിച്ചു. യഥാർഥ സ്നേഹത്തിന്റെ നിറവാർന്ന ഉറവ തിരിച്ചറിയാനവനായില്ല. ചില പുരുഷന്മാർ സ്ത്രീകളുടെ പിന്നാലെ ജന്മം തുലച്ചു. ക്ലിയോപട്രയെന്ന ഈജിപ്ഷ്യൻ റാണിയുടെ മായിക സൗന്ദര്യത്തിൽ ഭ്രമിച്ചുപോയ മാർക്ക് ആന്റണിയുടെ കഥ നമുക്കറിയാം. റോമിലെ സൈനിക നായകനായിരുന്ന അദ്ദേഹം ഉത്തരവാദിത്വങ്ങൾ മറന്ന് പ്രേമത്തിൽ മുഴുകി. ആക്റ്റിയം കടൽ യുദ്ധത്തിലെ പരാജയത്തിനുശേഷം, ക്ലിയോപട്ര ആത്മഹത്യ ചെയ്തു എന്ന തെറ്റായ വാർത്ത വിശ്വസിച്ച് ആന്റണി ആത്മഹത്യ ചെയ്യുന്നു. ആന്റണിക്കു ശേഷം വിരഹിണിയായ ക്ലിയോപട്രയും ആസ്പ് സർപ്പത്തിന്റെ കടിയേൽപ്പിച്ച് ആത്മഹത്യ ചെയ്തു. ഇത് ഒറ്റപ്പെട്ട ഉദാഹരണമല്ല.

ചിലർ ധനത്തെ അകമഴിഞ്ഞു സ്നേഹിച്ചു. ഹൈസ്കൂളിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിൽ പഠിച്ച റൗകോൾ എന്ന കഥാപാത്രത്തെ ഓർമ്മ വരുന്നു. പതിനായിരത്തോളം പൗണ്ട് നിക്ഷേപമുള്ള വ്യക്തിയാണ് റൗകോൾ. മുമ്പു കാലത്ത് വലിയൊരു തുക തന്നെയാണത്. പക്ഷേ, അല്പം പോലും സ്വന്തത്തിനോ മറ്റുള്ളവർക്കോ വേണ്ടി ചെലവഴിക്കില്ല. കേടുവന്ന് വലിച്ചെറിയുന്ന പച്ചക്കറികളും, തെരുവിൽ ചത്തു കിടക്കുന്ന പൂച്ചകളുടെ ഇറച്ചിയുമാണ് അയാളുടെ ഇഷ്ടാഹാരം. വലിച്ചെറിയപ്പെടുന്ന ചാക്കാണ് വസ്ത്രം. റൗകോൾ തണുപ്പകറ്റാൻ വിറകു വാങ്ങി കത്തിക്കാറില്ല. പുരയുടെ പലക പൊളിച്ച് തീ കായും. ഒരു തുട്ടുപോലും കുറയാതെ പണമെങ്ങനെ ഇരട്ടിപ്പിക്കാം എന്നതു മാത്രമാണ് അയാളുടെ ചിന്ത. ഒടുവിൽ വമ്പൻ ലാഭം കിട്ടുമെന്ന വാഗ്ദാനം വിശ്വസിച്ച് ഒരു ജൂതനുമായി അയാൾ കൊക്കയിൻ വ്യാപാരത്തിലേർപ്പെടുന്നു. പോലീസ് അയാളുടെ താമസസ്ഥലം റെയ്ഡ് ചെയ്തു. റൗകോളിനെ തൊണ്ടിയോടെ പിടികൂടി ജയിലിലടച്ചു. ജയിലിൽ കിടന്ന് ജ്വരം മൂർഛിച്ച് ദയനീയമായ ഒരു ഞരുക്കത്തോടെ നിർഭാഗ്യകരമായ ആ ജീവിതം ഒടുങ്ങി. ജീവിത കാലത്ത് അത്യാഗ്രഹത്തോടെ സ്വരുക്കൂട്ടിയ സമ്പത്ത് അയാൾക്കൊരു ഗുണവും ചെയ്തില്ല.

ഇക്കാലത്ത് ഇത്തരം അനുഭവങ്ങൾ വളരെ കൂടുതലാണ്. മനുഷ്യൻ പണത്തെ വല്ലാതെ സ്നേഹിക്കുന്നു. മേനിയഴകിൽ ഭ്രമിക്കുന്നു. രണ്ടിന്റെയും ഒടുവിൽ ദുരന്തത്തിന്റെ ഇരുൾ ഗർത്തമാണ് കാണാൻ കഴിയുക. സെൻസെക്സിലെ ഉയർച്ച താഴ്ചകൾ ക്കനുസരിച്ച് ഹൃദയ മിടിപ്പ് കൂടുകയും കുറയുകയും ചെയ്യുന്ന സാഹചര്യം ഒട്ടും സുഖകരമല്ല.

ഇവിടെയാണ് യഥാർഥ സ്നേഹത്തെക്കുറിച്ച അന്വേഷണത്തിന്റെ ആവശ്യകത. ആത്മാർഥ സ്നേഹിതനെ എവിടെ കണ്ടെത്താനാകും എന്ന ചോദ്യമുയരുന്നത്. ഇവിടെയും ഖുർആൻ നമുക്ക് വഴികാണിക്കുന്നു. നിങ്ങൾ ഖുർആനിലൂടെ സഞ്ചാരം തുടങ്ങുക. സ്നേഹ

സാന്ത്വനത്തിന്റെ നിറവസന്തം പാതയിലുട നീളം കാണാം..... ഓരോ കാൽവെപ്പിലും നറു നിലാവിന്റെ സ്നേഹ ചുംബനങ്ങൾ നിങ്ങളെ ത്തേടിവരും.

'അല്ലാഹു സ്നേഹിക്കുന്ന, അല്ലാഹുവിനെ സ്നേഹിക്കുന്ന ഒരു ജനത്തെ അവൻ കൊണ്ടു വരും....' (*അൽമാഇദ*: 54) എത്ര ആലോചനാർഹമാണ് ഈ വാക്കുകൾ. അതിന്റെ ഓരോ മാത്രയിലും തേൻ കിനിയുന്നു. ആദ്യം പറഞ്ഞത് അല്ലാഹുവിന് മനുഷ്യനോടുള്ള സ്നേഹ മാണ്. എല്ലാം നാഥനിൽ നിന്നാണ്. അവൻ ഏകിയാലേ നമുക്ക് കിട്ടൂ എന്ന സന്ദേശമതിലുണ്ട്. സ്നേഹം മുഴുവൻ അവന്റെ ഖജനാവിലാണ്. ആ ഖജനാവ് തുറന്ന് അല്ലാഹു നമ്മിൽ സ്നേഹം നിറക്കുന്നതു കൊണ്ടാണ് നമുക്ക് അവനെയും തന്നെയും സ്നേഹിക്കാനാവുന്നത്. ആ സ്നേഹമാണ് ഭാര്യാ-ഭർതൃ ബന്ധത്തെ ഉറപ്പിച്ചു നിർത്തുന്നത്. ആ സ്നേഹമാണ് കുടുംബ ബന്ധങ്ങൾ നില നിർത്തുന്നത്. ദിവ്യകാരുണ്യത്തെക്കുറിച്ച ഒരു പ്രവാചക വചനം പ്രസക്തമാണ്: 'അല്ലാഹുവിന് നൂറ് കാരുണ്യമുണ്ട്. അതിൽപെട്ട ഒരു കാരുണ്യംകൊണ്ടാണ് സൃഷ്ടികളെല്ലാം പരസ്പരം കരുണ കാട്ടുന്നത്. ബാക്കി തൊണ്ണൂറ്റമ്പത് കാരുണ്യവും ഉയിർത്തെഴുന്നേൽപ്പ് നാളിലേ പ്രകടമാവൂ' (*ബുഖാരി, മുസ്‌ലിം*).

ഇന്ന് മനുഷ്യൻ ഈ സ്നേഹം അന്വേഷിച്ചു ചെല്ലുന്നില്ല. സ്നേഹിതന്റെ വിളിക്കവൻ കാതോർക്കുന്നില്ല. തന്റെ മാളികയുടെ ഏഴു കവാടങ്ങളും തുറന്നിട്ട് രാജകീയ സദ്യയൊരുക്കി കാത്തിരിക്കുന്ന ഈ ആതിഥേയനെ നാമെന്തേ കണ്ടില്ലെന്നു നടിക്കുന്നു.

'ഖുർആൻ അല്ലാഹു ഒരുക്കിയ വിരുന്നാണ്. സാധ്യമാവുന്നത്ര നിങ്ങളത് ആസ്വദിച്ചു കൊള്ളുക.'

നീചമായതിന് പിന്നാലെ പോകാൻ മനുഷ്യൻ ശീലിച്ചു പോയിരിക്കുന്നു. എങ്ങനെയാണ് ഈയൊരട്ടിമറി സംഭവിച്ചത്? ആയിരം തേനീച്ചകൾ പണിപ്പെട്ട് നിങ്ങൾക്കായ് നറും തേനൊരുക്കി വെക്കുന്നു. എല്ലാ രോഗത്തിനും ശമനമേകുന്ന, ബുദ്ധിക്ക് തിളക്കമേകുന്ന വസ്തുവാണത്.

പക്ഷേ, മനുഷ്യനൊരുമിച്ചു കൂടുന്നത് മദ്യശാലക്കു മുന്നിലാണ്. ഏതർഥത്തിലും ഉപദ്രവം മാത്രം ചെയ്യുന്ന കള്ളിനുവേണ്ടി സമ്പാദ്യം മുഴുവൻ തുലക്കുന്നു. ഹൃദയമുള്ള ആരെയും പിടിച്ചുലക്കുന്ന ഒരു ചോദ്യം അല്ലാഹു ഉന്നയിക്കുന്നു: 'അല്ലയോ മനുഷ്യാ! അത്യുദാരനായ നിന്റെ നാഥന്റെ കാര്യത്തിൽ നിന്നെ വഞ്ചിതനാക്കിയതെന്താണ്?' (*അൽ ഇൻഫിത്വാർ*: 6).

സ്നേഹ കാരുണ്യങ്ങളാൽ സദാ നിന്നെ പുണരുന്ന സ്നേഹനിധിയായ നാഥനെ നീ കൈവെടിഞ്ഞു. ഭയവും അറപ്പും ജനിപ്പിക്കുന്ന ദുർമൂർത്തികൾക്കു പിന്നാലെ നീ പോയി. മനുഷ്യന്റെ കാര്യം കഷ്ടം തന്നെ! എന്നിട്ടും നാഥനവനെ കൈവെടിഞ്ഞിട്ടില്ല. കരുണക്കടലാണല്ലോ അവൻ. അതിന്റെ അലകൾ എപ്പോഴും മനുഷ്യനെത്തേടി കുതിച്ചുകൊണ്ടേയിരിക്കും. 'പറയൂ: ആത്മദ്രോഹം ചെയ്ത എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാകേണ്ട. സകല പാപങ്ങളും അല്ലാഹു പൊറുക്കുക തന്നെ ചെയ്യും' (*അസ്സുമർ*: 53).

അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. സ്നേഹത്തിന്റെ ഉയർന്ന തലമാണ് കാരുണ്യം. അത് ഒഴുകി നമ്മിലേക്കെത്തും. മൂല്യം കണക്കാക്കി തിരിച്ചുനൽകാനാവാത്തതാണത്.

ദിവ്യസ്നേഹത്തിന്റെ പ്രവാഹ സ്ഥലികളിൽ നീ നിലയുറപ്പിക്കുക. ആ സ്നേഹം നിറച്ചു വക്കുന്ന ഒരു പാത്രമാവാൻ ശ്രമിക്കുക. ഒരാൾക്ക് മറ്റെന്താണ് നേടാനുള്ളത്? ദൈവസ്നേഹത്തിനുള്ള അർഹത തെളിയിച്ചാൽ മനുഷ്യജന്മം സാർഥകമായി. അവനെപ്പോലെ സൗഭാഗ്യവാനായി മറ്റൊരാളുണ്ടോ?.

ഒരു പ്രവാചക വചനം കാണുക: അല്ലാഹു ഒരു മനുഷ്യനിൽ സംപ്രീതനായാൽ, ജിബ്‌രീൽ മാലാഖയെ വിളിക്കും: 'ഓ ജിബ്‌രീൽ, ഞാൻ ഇന്ന വ്യക്തിയിൽ വാത്സല്യം ചൊരിയുന്നു. നീയും അയാളെ സ്നേഹം കൊണ്ടു മൂടുക. ജിബ്‌രീൽ അതനുസരിക്കുന്നു. വാനലോകരോടെല്ലാം വിളിച്ചു പറയും: ഓ വാന ലോകവാസികളേ, അല്ലാഹു ഇഷ്ടപ്പെട്ട ഒരു മനുഷ്യനതാ. നിങ്ങളും അവനെ സ്നേഹിക്കുക. അവർ ആ കല്പന നിറവേറ്റും. തുടർന്ന് ഭൂമിയിലെ ജീവജാലങ്ങൾക്കിടയിലും അയാൾ സമ്മതനായിത്തീരും' (*മുസ്‌ലിം, ബുഖാരി*).

നോക്കുക, മനുഷ്യരോടുള്ള അല്ലാഹുവിന്റെ സ്നേഹം. ഏഴുകടലും നിറഞ്ഞു കവിയുന്ന സ്നേഹം. ഏഴാകാശവും ഉൾക്കൊള്ളാൻ വീർപ്പുമുട്ടുന്ന സ്നേഹം. കലർപ്പറ്റ, ഉറവ വറ്റാത്ത സ്നേഹം. അല്ലാഹു സ്നേഹത്തോടെ നമ്മെ അവനിലേക്ക് അണച്ചുകൂട്ടുകയാണ്. നാം കുതറി മാറരുതെന്നു മാത്രം.

അല്ലാഹുവിന്റെ ഇഷ്ടം ഭവിക്കുന്ന ചില കൂട്ടരെക്കുറിച്ച് അവൻതന്നെ ഉണർത്തിയിട്ടുണ്ട്:

പാപങ്ങളിൽ നിന്ന് തിരിഞ്ഞുനടക്കുന്നവരെ, വൃത്തിയും വെടിപ്പും ശീലമാക്കിയവരെ അല്ലാഹു സ്നേഹിക്കും.

നന്മ ജീവിത വ്രതമാക്കിയവർക്ക് അല്ലാഹു സ്നേഹം ചൊരിയും.

ദൈവബോധം കാത്തുസൂക്ഷിക്കുന്നവരിൽ അല്ലാഹു വാത്സല്യം നിറക്കും.

ദൈവസ്നേഹം പ്രവാചകന്മാരെപ്പോലെ ഒരു പ്രത്യേക വിഭാഗത്തിനു മാത്രം കിട്ടുന്ന കാര്യമല്ല. നീ കൈനീട്ടിയാൽ നിനക്കും കിട്ടും. നിന്റെ കൈകുമ്പിൾകൊണ്ട് നിനക്കാവോളം കോരിക്കുടിക്കാം. ഒന്നുമാത്രം ഓർക്കുക: നീ കൈകുമ്പിൾ നീട്ടണം. കൈ ചുരുട്ടിപ്പിടിച്ച് വീട്ടിനുള്ളിലിരുന്നാൽ കിണറ്റിലെ വെള്ളം നിന്റെ അടുത്ത് വരില്ലല്ലോ. ദൈവത്തിൽ നിന്ന് പിന്തിരിഞ്ഞ് പാപങ്ങളുടെ ചവറുക്കൂനയിൽ നീ ചുറ്റിത്തിരിയരുത്. ദൈവത്തിലേക്ക് മുഖം തിരിച്ച് കൈകുമ്പിൾ നീട്ടിച്ചെല്ലുക. ■